# വറ്റും പുഴകളെ വീണ്ടെടുക്കാം!

ലോകത്തിലെ സാന്ദ്രമായ ഒരു വ്യവസായ ശൃംഗലയിലൂടെയാണ് റൈൻനദി ഒഴുകുന്നത്. ചോരപ്പുഴകളും ശത്രുതകളും ലോകമഹായുദ്ധങ്ങളും തകർത്ത നാട്ടുകളിലൂടെ അതൊഴുകുന്നു. 1970കൾ റൈൻ സഹതാപാർഹമായ നിലയിലായിരുന്നു. ചില വ്യവസായാപകടങ്ങൾ യൂറോപ്യൻ സമൂഹത്തെ ഉലച്ചു. എന്തെങ്കിലും ചെയ്യണമായിരുന്നു. രണ്ടു ശതാബ്ദങ്ങൾക്കുശേഷം റൈൻ നദിയിലൂടെ തുഴയുന്ന സാൽമൺ നമുക്ക് ഒരു പാഠം പഠിപ്പിച്ചുതരുന്നു. വ്യവസായമേഖലകളിൽ പ്പോലും ഉണ്ടായ കനത്ത പ്രകൃതിനാശങ്ങൾ പരിഹരിക്കപ്പെടാമെന്ന്.

ഇന്ത്യയിലെ പ്രധാന നദികളെല്ലാം വിഷം കലർന്നവയും വൃത്തികെട്ടവയുമാണ്. പല രാജ്യങ്ങളിലൂടെ പോകുന്ന ഒരു നദിയെ വീണ്ടെടുക്കാമെങ്കിൽ നമ്മുടെ രാജ്യത്തിന്റെ പ്രാചീനസമ്പത്തായ നദികളെ രക്ഷിച്ചുകൂടെ?

ദാരിദ്രമാണൊ നമ്മുടെ പ്രശ്നം? അതും ഒരു കാരണമാണ്. മാലിന്യമുയർത്തുന്ന വലിയ ഭീഷണികളെക്കുറിച്ച് അറിയാവുന്ന ജനങ്ങളില്ല എന്നതും സത്യമാണ്.

70കളിൽ റൈൻനദിയിൽ കാഡ്മിയം, മെർക്കുറി, അയൺ, മറ്റു ഘനലോഹങ്ങൾ, ഡയോക്സിൻ, ഡി. ഡി. ടി, ക്ലോറോഫോം തുടങ്ങിയ വിഷമയ ഘടകങ്ങൾ ഏറെയായിരുന്നു. സാൽമൺ മീനുകളെ കാണാനേയില്ലാതായി. ഫ്രാൻലിൽ 1986ൽ ഉണ്ടായ ഒരു വ്യവസായാപകടമാണ്(സാൻഡോസ്)ഒടുവിൽ രാജ്യങ്ങളുടെ കണ്ണുതുറപ്പിച്ചത്. വിഷാംശമുള്ള കീടനാശിനികൾ നദീജലത്തിൽ കലർന്ന് മൽസ്യങ്ങളും സൂക്ഷ്മജീവികളും എല്ലാം ചത്തുപോയി.....

1950ൽ ഉണ്ടായ റൈൻ സംരക്ഷണ അന്തർദേശീയ കമ്മീഷൻ നിർജീവമായിരുന്നു. ഈ അപകടത്തോടെ അതിന് ജീവൻവച്ചു. കുറേശ്ശെ കുറേശ്ശെ, ആദ്യം പകുതിയോളം വിഷവസ്തുക്കളുടെ അളവുകുറച്ചു. 1993ൽ വീണ്ടും റൈനിൽനിന്ന് ആദ്യത്തെ 'സാൽമൺ'പിടിച്ചു.

ആയിരത്തി മുന്നൂറ്റി ഇരുപത് കിലോമീറ്റർ നീളത്തിൽ 9 രാജ്യങ്ങളിലൂടെ ഒഴുകിയ റൈൻ നദിയെ പുനരുജ്ജീവിപ്പിക്കാനാകും എങ്കിൽ നമ്മുടെ പേരാറും പെരിയാറും ഉയർത്തെഴുനേൽക്കുകയില്ലേ?.

## ചില ഘട്ടങ്ങൾ

1. മറ്റെല്ലായിടത്തുമെന്നപോലെ റൈനിലും വ്യവസായശാലകൾ മാരകമായ വിഷങ്ങളും അവശിഷ്ടങ്ങളും ഒഴുക്കി.
2. മാലിന്യനിക്ഷേപങ്ങളും ഉണ്ടായി.
3. അഴുക്കുവെള്ളം ഒഴുകുന്നതിന് പുഴ ഈടാക്കി. പക്ഷേ പുഴ കൊടുക്കുന്നതായിരുന്നു ശരിയായി മാലിന്യസംസ്കരണ പ്ലാന്റുകൾ ഉണ്ടാക്കുന്നതിനേക്കാളും ലാഭകരം.
4. സ്വകാര്യ കമ്പനികൾ ലാഭം കൊയ്തു.
5. വെള്ളം ഒരുവശത്ത് മലിനീകരണപ്പെട്ടപ്പോൾ മറുവശത്ത് വെള്ളം ശുദ്ധീകരിക്കുന്ന കമ്പനികളും കുടിവെള്ള വ്യവസായവും ഉയർന്നു. കുടിവെള്ളത്തിന്റെ വില കുത്തനെ ഉയർന്നു.
6. റൈനിന്റെ താഴ്ഭാഗത്തുള്ള നെതർലാൻഡ്സിനെയാണിത് ഏറ്റവുമധികം ബാധിച്ചത്.
7. സമുദ്രമലിനീകരണം ഭീഷണിയായി ഉയർന്നു.
8. I. C. P. R പല നടപടികളും സ്വീകരിച്ചു. പക്ഷേ പ്രായോഗികമായില്ല.
9. എൺപതുകളിൽ ജനങ്ങൾ കൂടുതൽ ബോധവൽക്കരിക്കപ്പെട്ടു. ഗ്രീൻപീസ് എന്ന കപ്പൽ റൈൻ ജലത്തിലൂടെ സഞ്ചരിച്ച് സാമ്പിളുകളെടുത്ത് ജലം പരിശോധിച്ചു.
10. സമരമുറകൾ വന്നു. ഫാക്ടറികളുടെ കുഴലുകൾ അടച്ചു - സത്യാഗ്രഹം ഫാക്ടറിനടക്കൽ.
11. രഹസ്യരേഖകൾ (മലിനീകരണം സംബന്ധിച്ചത്) പ്രസിദ്ധീകരിക്കപ്പെട്ടതോടെ കമ്പനികൾ സംസ്കരണം ശരിയായ രീതിയിൽ നടത്താൻ നിർബന്ധിതരായി.
12. ജൈവമാലിന്യങ്ങളുടെസംസ്കരണപ്ലാന്റുകൾ വികസിപ്പിച്ചതാണ് ഏറ്റവും വലിയ വഴിത്തിരിവ്.

*(ഡൗൺ ടു എർത്ത്) വിവ:ഗിരി*